പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭ ചോദ്യം നമ്പർ. 1230 06-03-2018-ൽ മറുപടിക്ക്

പി.എം.കെ.എസ്.വൈ പദ്ധതി

ചോദ്യം ഉത്തരം

ശ്രീ.കെ. കൃഷ്ണൻ കുട്ടി ശ്രീ. വി.എസ്. സുനിൽ കുമാർ

(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | 2015-ൽ പ്രഖ്യാപിച്ച പി.എം.കെ. എസ്.വൈ പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കാൻ വൈകുന്നതിന്റെ കാരണം വിശദീകരിക്കാമോ; | (എ) | 2015-ൽ പ്രഖ്യാപിച്ച പി.എം.കെ. എസ്.വൈ പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനുള്ള പ്രവർത്തികൾ ഉൾപ്പെട്ട ജില്ലാ ജലസേചന പദ്ധതി യും (DIP) സംസ്ഥാന ജലസേചന പദ്ധതിയും (SIP) 28-06-2017-ലെ സ്റ്റേറ്റ് ലെവൽ സാങ്ഷനിംഗ് കമ്മിറ്റി (SLSC) അംഗീകരിക്കുകയുണ്ടായി. പ്രസ്തുത പ്രവർത്തികൾക്കായുള്ള ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് (DPR) 06-03-2018-ൽ ചേരുന്ന എസ്.എൽ.എസ്.സി അംഗീകരിക്കുന്ന മുറയ്ക്ക്പി.എം.കെ.എസ്.വൈ പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കുന്നതാണ്. |
| (ബി) | 2017-2018-ൽ പി.എം.കെ. എസ്.വൈ പദ്ധതിയ്ക്കായി സംസ്ഥാനത്തിന് കേന്ദ്രം അനുവദിച്ച തുക എത്രയാണ്; അറിയിക്കാമോ; | (ബി) | 2017-18-ൽ പി.എം.കെ.എസ്.വൈ പദ്ധതിയ്ക്കായി കേന്ദ്രം സംസ്ഥാന ത്തെ കൃഷിവകുപ്പിനായി വകയിരു ത്തിയിട്ടുള്ള 32 കോടി രൂപയിൽ 25 കോടി രൂപ അനുവദിച്ചിട്ടുണ്ട്. കൂടാതെ നീർത്തട ഘടകത്തിനായി ഗ്രാമവികസന വകുപ്പിന് 11.53 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. |
| (സി) | ജില്ലാ ഇറിഗേഷൻ പ്ലാനും സംസ്ഥാന ഇറിഗേഷൻ പ്ലാനും എന്നാണ് കേന്ദ്രത്തിന് അംഗീകാരത്തിനായി സമർപ്പി ച്ചത്; പ്ലാനുകൾക്ക് കേന്ദ്ര അംഗീകാരം ലഭ്യമായിട്ടുണ്ടോ; | (സി) | 28-06-2017-ൽ ചേർന്ന സ്റ്റേറ്റ് ലെവൽ സാങ്ഷനിംഗ് കമ്മിറ്റി(SLSC) ജില്ലാ ഇറിഗേഷൻപ്ലാനും സംസ്ഥാന ഇറി ഗേഷൻപ്ലാനും അംഗീകരിച്ചിട്ടുണ്ട്. |
| (ഡി) | പി.എം.കെ. എസ്.വൈ പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കാൻ ആരാണ് നേതൃത്വം നൽകുന്നത്; | (ഡി) | പി.എം.കെ.എസ്.വൈ പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കുന്ന നോഡൽ ഏജൻസിയായി കൃഷി വകുപ്പിന്റെ |

| | | | |
|---|---|---|---|
| | പദ്ധതി സമർപ്പിക്കാനും കേന്ദ്ര അംഗീകാരം നേടിയെടുക്കാനും ചുമതലപ്പെടുത്തിയിട്ടുള്ള ഗവൺമെന്റ് വകുപ്പിന്റെ വിശദ വിവരം നൽകാമോ; | | ഡയറക്ടറാണ് പ്രവർത്തിച്ചു വരുന്നത്. കൃഷി, ജലസേചനം, ഗ്രാമവികസനം എന്നീ വകുപ്പുകൾ മുഖേന ലഭ്യമാക്കുന്ന പ്രോജക്ടുകൾ നിയമാവലിയ്ക്ക് അനുസൃതമാണോ യെന്ന് പരിശോധിച്ച് പി.എം.കെ. എസ്.വൈ പദ്ധതിയിൽ ഉൾപ്പെടുത്തി കേന്ദ്ര ധനസഹായം നേടിയെടുക്കുവാനുള്ള നടപടിക്രമങ്ങൾ കൃഷി (പിപിഎം) സെൽ വകുപ്പിലാണ് ചെയ്തു വരുന്നത്. |
| (ഇ) | പി.എം.കെ.എസ്.വൈ പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ ബന്ധപ്പെട്ട വകുപ്പുകൾ നാളിതുവരെ സമർപ്പിച്ച പദ്ധതികളുടെ പേര്, തുക, നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ജില്ലകൾ എന്നിവ സംബന്ധമായ വിവരങ്ങൾ ക്രോഡീകരിച്ച് ലഭ്യമാക്കാമോ; | (ഇ) | പി.എം.കെ.എസ്.വൈ പദ്ധതിയുമായി ബന്ധപ്പെട്ട് 2016 മുതൽ 2020 വരെ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ www.pmksy.gov.in എന്ന വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള സംസ്ഥാന ഇറിഗേഷൻ പ്ലാനിലെ 252 മുതൽ 334 വരെയുള്ള പേജുകളിൽ ലഭ്യമാണ്. |
| (എഫ്) | 2018-19 സാമ്പത്തിക വർഷം പി.എം.കെ.എസ്.വൈ പദ്ധതി നടപ്പാക്കാൻ കേന്ദ്രാവിഷ്കൃത പദ്ധതിയുടെ സംസ്ഥാന വിഹിതം എന്ന നിലയിൽ എത്ര തുക വകയിരുത്തിയിട്ടുണ്ടെന്ന് അറിയിക്കാമോ? | (എഫ്) | 60:40 എന്ന അനുപാതത്തിലുള്ള എല്ലാ കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുമായി 2018-2019-ലെ ബജറ്റിൽ "സംയോജിത പദ്ധതി കൃഷി ഉന്നതി യോജനയും മറ്റു കേന്ദ്രാവിഷ്കൃത പദ്ധതികളും" എന്ന ശീർഷകത്തിൽ 420.82 കോടി രൂപ സംസ്ഥാന വിഹിതമായി കൃഷി വകുപ്പിന് വകയിരുത്തിയിട്ടുണ്ട്. കൂടാതെ ഗ്രാമ വികസന വകുപ്പിന് 14 കോടി രൂപയും ജലസേചനവകുപ്പിന് 29 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. |

Shaiju V

സെക്ഷൻ ഓഫീസർ